പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1905

6.2.2019 ൽ
മറുപടി പറയേണ്ടിയിരുന്നത്

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് സംവരണം

ചോദ്യം

ശ്രീ. വി.ടി. ബൽറാം

എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ നിലവിൽ ഏതൊക്കെ സ്ട്രീമുകളിലാണ് സംവരണാനുകൂല്യം നൽകിയിരുന്നത്; ഇതിൽ ഭേദഗതി വരുത്തി എല്ലാ സ്ട്രീമിലും സംവരണ ഏർപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

ബി) മുൻപുള്ള നിലപാടിൽ നിന്നും വ്യത്യസ്തമായി ഇപ്പോൾ ഇത്തരം ഒരു നയം മാറ്റം ഉണ്ടാകുവാനുള്ള സാഹചര്യം വ്യക്തമാക്കുമോ;

സി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ എല്ലാ സ്ട്രീമിലും സംവരണം അനുവദിക്കണമെന്ന് നിയമവകുപ്പും ന്യൂനപക്ഷ കമ്മീഷനും ശിപാർശ ചെയ്തിട്ടും പ്രസ്തുത ശിപാർശകൾ സ്വീകരിക്കാതെ അഡ്വക്കേറ്റ് ജനറലിന്റെ ശിപാർശയുടെ അടിസ്ഥാനത്തിലാണോ രണ്ടും മൂന്നും സ്ട്രീമുകളിൽ സംവരണം നൽകാൻ സാധിക്കില്ലായെന്ന നിലപാട് എടുത്തത്;

ഡി) എങ്കിൽ ഇപ്പോൾ നിലപാടിൽ മാറ്റം വരുത്തിയത് ആരുടെ ഉപദേശപ്രകാരമാണ് എന്നറിയിക്കാമോ;

ഇ) കെ.എ.എസിന്റെ സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തി അടിയന്തരമായി പുതിയ തീരുമാനം പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള നടപടി എന്നത്തേക്ക് സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ?

മറുപടി

പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ), (ബി), (സി), (ഡി) & (ഇ) വിവിധ വകുപ്പുകളിലെ രണ്ടാം ഗസറ്റഡ് തസ്തിക മുതൽ മുകളിലോട്ടുള്ള തസ്തികകളിൽ 10 ശതമാനം തസ്തികകൾ ഉൾപ്പെടുത്തിയാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചത്. നിലവിലുള്ള തസ്തികകളിൽ നിന്ന് രൂപീകരിക്കുന്ന സർവ്വീസ് ആയതിനാൽ അവ മൂന്ന് സ്ട്രീമുകളായി തരംതിരിച്ച് രണ്ട് സ്ട്രീമുകൾ ജീവനക്കാർക്കുള്ള തസ്തികമാറ്റ നിയമനത്തിനും ഒരു സ്ട്രീം നേരിട്ടുള്ള നിയമനത്തിനുമായി വ്യവസ്ഥ ചെയ്തു.

തസ്തികമാറ്റ നിയമനങ്ങൾക്ക് സംവരണം ബാധകമാക്കേണ്ടതില്ലെന്നും അപ്രകാരം എല്ലാ വകുപ്പുകളും സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യണമെന്നുമുള്ള 2003-ലെ സർക്കുലർ നിലവിലുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരിൽ നിന്നുള്ള തസ്തികമാറ്റ നിയമനങ്ങൾക്ക് നിലവിൽ സംവരണ തത്വം ബാധകമാക്കാറില്ല. ഇതിനാലാണ് കെ.എ.എസിനും തസ്തികമാറ്റ നിയമനങ്ങൾക്ക് സംവരണം ബാധകമാക്കാതിരുന്നത്. മാത്രവുമല്ല, ഇക്കാര്യത്തിൽ സർക്കാർ നിയമോപദേശവും തേടിയിരുന്നു.

എല്ലാ സ്ട്രീമുകളിലും സംവരണം നടപ്പിലാക്കണമെന്ന സംസ്ഥാന

പട്ടികജാതി-പട്ടിക ഗോത്രവർഗ്ഗ കമ്മീഷൻ, സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ എന്നിവയുടെ ഉത്തരവുകളും ജനപ്രതിനിധികൾ, സംഘടനകൾ തുടങ്ങിയവരുടെ നിവേദനങ്ങളും കണക്കിലെടുത്ത് എല്ലാ സ്കീമുകളിലും സംവരണം ഏർപ്പെടുത്താനുള്ള സാധ്യത സർക്കാർ പരിശോധിച്ചു വരുന്നു.

Ramyaeik
സെക്ഷൻ ഓഫീസർ